**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** | **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ ഗ്രാമീണ വീട്ടുകളിലും കുടിവെള്ളമെത്തിക്കാനുള്ള ജൽ ജീവൻ പദ്ധതിയിൽ ഇതിനോടകം എത്ര ശതമാനത്തോളം പണി പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ; | (എ) | എല്ലാ ഗ്രാമീണ വീട്ടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ കേന്ദ്ര ബഡ്ജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീട്ടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീട്ടുകളിൽ 38.62 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).<br><br>വിവിധ സ്കീമുകളിലായി നാളിതു വരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികൾ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50% നു മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ). 3 ജില്ലകൾ 45% നു മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റു ജില്ലകൾ - 30 % നു മുകളിൽ കവറേജ് കൈവരിച്ചു.<br><br>പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 403 പഞ്ചായത്തുകൾ 50% മുകളിൽ കവറേജ് കൈവരിച്ചു. 9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).<br><br>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | കേന്ദ്രം അനുവദിച്ച തുക സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുള്ളത് 5610.30 കോടി രൂപയാണ്. സംസ്ഥാനം ഇതുവരെ 6033.29 രൂപ സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്, (ആകെ 11643.59 കോടി രൂപ). ഇതിൽ 11643.59 കോടി രൂപയും ചിലവഴിച്ചിട്ടുണ്ട്. 2024-25സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ 500കോടി രൂപ അധികമായി അനുവദിച്ചിട്ടുള്ളതാണ്. കേന്ദ്രം അനുവദിച്ച തുക സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടില്ല.<br><br>കേന്ദ്ര സർക്കാർ അവസാനമായി കേന്ദ്ര വിഹിതം അനുവദിച്ചത് 2024 ഒക്ടോബർ മാസമാണ്. അതിനു ശേഷം തത്തുല്യമായ സംസ്ഥാന വിഹിതം ലഭ്യമാക്കിയെങ്കിലും പിന്നീട് ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. എങ്കിലും 2024-25 സാമ്പത്തിക വർഷം സംസ്ഥാനം അധികമായി 500 കോടി രൂപ ജൽ ജീവൻ മിഷൻ പദ്ധതിക്ക് അഡ്വാൻസ് ആയി നൽകിയിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ 2025-26 യൂണിയൻ ബഡ്ജറ്റിൽ ജല ജീവൻ മിഷൻ പദ്ധതി 2028 വരെ ദീർഘിപ്പിച്ചതായി പ്രഖ്യാപിച്ചുവെങ്കിലും ഇനിയും ഔദ്യോഗിക ഉത്തരവ് ആയിട്ടില്ല. ഈ സാമ്പത്തിക വർഷം ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. കരാറുകാർക്ക് പൂർത്തീകരിച്ച പ്രവൃത്തികളുടെ |

| | | | |
|---|---|---|---|
| | | | വകയിൽ 2024 മാർച്ച് മുതൽ ആഗസ്റ്റ് വരെ 6039.24 കോടി രൂപയുടെ കുടിശ്ശിക നൽകാനുള്ളതിനാൽ, സംസ്ഥാന സർക്കാർ അഡ്വാൻസ് ആയി പദ്ധതിക്ക് സംസ്ഥാന വിഹിതം നൽകി കരാറുകാരുടെ കുടിശ്ശിക തീർക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി നബാർഡിൽ നിന്നും വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭാ യോഗം അംഗീകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ കരാറുകാർക്ക് കുടിശിക നൽകാനുള്ളത് പദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; കരാറുകാർക്ക് നൽകാനുള്ള കുടിശികത്തുക കണക്കാക്കിയിട്ടുണ്ടോയെന്നും ഇത് എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നല്കുവാനുണ്ട്. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15/09/2025-ലെ G.O.(Ms)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ജില്ല | ആകെ ഗ്രാമീണ വീടുകൾ | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | ജൽ ജീവൻ മിഷൻ പദ്ധതി തുടങ്ങിയ ശേഷം നൽകിയ ആകെ കണക്ഷൻ | നിലവിലുള്ള മൊത്തം കണക്ഷൻ | കവറേജ് (%) |
|---|---|---|---|---|---|
| ആലപ്പുഴ | 543821 | 378352 | 171325 | 366778 | 67.44 |
| എറണാകുളം | 620848 | 346467 | 151265 | 416656 | 67.11 |
| ഇടുക്കി | 279017 | 241261 | 40222 | 98413 | 35.27 |
| കണ്ണൂർ | 433842 | 376986 | 174539 | 254962 | 58.77 |
| കാസർഗോഡ് | 253522 | 220320 | 44982 | 85123 | 33.58 |
| കൊല്ലം | 607160 | 446930 | 303398 | 451177 | 74.31 |
| കോട്ടയം | 471910 | 373493 | 120041 | 229985 | 48.73 |
| കോഴിക്കോട് | 514666 | 526159 | 118993 | 205265 | 39.88 |
| മലപ്പുറം | 797512 | 652951 | 221830 | 365406 | 45.82 |
| പാലക്കാട് | 650491 | 497280 | 235145 | 384032 | 59.04 |
| പത്തനംതിട്ട | 357519 | 273171 | 88907 | 174137 | 48.71 |
| തിരുവനന്തപുരം | 659860 | 524194 | 282026 | 448838 | 68.02 |
| തൃശ്ശൂർ | 600633 | 438834 | 130618 | 309247 | 51.49 |
| വയനാട് | 191308 | 148944 | 29434 | 72273 | 37.78 |
| **ആകെ** | **6982109** | **5445342** | **2112725** | **3862292** | **55.31** |